# CAREER Updates

# പത്രവൃത്താന്തം

**14.07.2024 (ഞായർ)**



➡ 2024-ലെ വിംബിൾഡൺ വനിതാ സിംഗിൾസ് ടെന്നിസ് കിരീടം നേടിയത്

✔ ബാർബറ ക്രെജിക്കോവ (ചെക്ക് റിപ്പബ്ലിക്)

- ബാർബറയുടെ ആദ്യ വിംബിൾഡൺ കിരീട നേട്ടമാണിത്. ഇറ്റലിയുടെ ജാസ്മിൻ പവോലീനിയെയാണ് ഫൈനലിൽ ബാർബറ പരാജയപ്പെടുത്തിയത്. വിംബിൾഡൺ വനിതാ സിംഗിൾസ് ഫൈനലിലെത്തുന്ന ആദ്യ ഇറ്റാലിയൻ താരമാണ് ജാസ്മിൻ പവോലീനി.
- ഇതിന് മുൻപ് ഡബിൾസിൽ 4 ഗ്രാൻസ്ലാം ട്രോഫികളും 2021-ൽ ഫ്രഞ്ച് ഓപ്പൺ വനിതാ സിംഗിൾസ് കിരീടവും നേടിയിട്ടുള്ള താരമാണ് ബാർബറ ക്രെജിക്കോവ.

➡ 2024 ജൂലൈയിൽ പുറത്തുവിട്ട നീതി ആയോഗിന്റെ 2023-24-ലെ സുസ്ഥിര വികസന ലക്ഷ്യ (എസ്.ഡി.ജി.) സൂചികയിൽ ഒന്നാം സ്ഥാനത്തുള്ള സംസ്ഥാനങ്ങൾ

✔ കേരളം, ഉത്തരാഖണ്ഡ്

- 79 വീതം പോയിന്റുകൾ നേടിയാണ് ഇരു സംസ്ഥാനങ്ങളും ഒന്നാം സ്ഥാനത്തെത്തിയത്. തുടർച്ചയായ നാലാം തവണയാണ് കേരളം സൂചികയിൽ ഒന്നാം സ്ഥാനത്തെത്തുന്നത്. ബിഹാറാണ് സൂചികയിൽ ഏറ്റവും പിന്നിലുള്ള സംസ്ഥാനം (57 പോയിന്റുകൾ).
- 77 പോയിന്റുകൾ നേടിയ ചണ്ഡിഗഢ് ആണ് കേന്ദ്രഭരണ പ്രദേശങ്ങളിൽ ഒന്നാം സ്ഥാനത്തെത്തിയത്.

➡ 2024 ജൂലൈയിൽ കേരള പുരാവസ്തു വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിയമസഭയിലവതരിപ്പിച്ച, ചരിത്ര പ്രാധാന്യമുള്ള രേഖകൾ നശിപ്പിച്ചാൽ 5 വർഷം തടവും 25000 രൂപ പിഴയും വരെ ശിക്ഷ ലഭിക്കാവുന്ന വകുപ്പുകളുൾപ്പെട്ട ബിൽ

✔ കേരള പൊതുരേഖാ ബിൽ

CAREER GUIDANCE BUREAU

➡ 2024 ജൂലൈയിൽ പ്രദർശനത്തിനെത്തുന്ന എം.ടി. വാസുദേവൻ നായരുടെ 9 തിരക്കഥകളുടെ ദൃശ്യാവിഷ്കാരം

✔ മനോരഥം

- അഭയം തേടി വീണ്ടും, സ്വർഗ്ഗം തുറക്കുന്ന സമയം, കാഴ്ച, ശിലാലിഖിതം, വിൽപന, കടൽക്കാറ്റ്, ഷെർലക്ക്, ഓളവും തീരവും, കടുഗണ്ണാവ ഒരു യാത്രക്കുറിപ്പ് എന്നീ ചിത്രങ്ങളാണ് മനോരഥത്തിലുൾപ്പെടുന്നത്.

➡ 2024 ജൂലൈയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ത്യൻ പത്രങ്ങളുടെ കൂട്ടായ്മയായ ഇന്ത്യൻ ന്യൂസ്പേപ്പർ സൊസൈറ്റിയുടെ ടവർ ഉദ്ഘാടനം ചെയ്തതെവിടെ?

✔ മുംബൈ

➡ 2024 ജൂലൈയിൽ സുവോളജിക്കൽ സർവെ ഓഫ് ഇന്ത്യയിലെ ശാസ്ത്രജ്ഞർ കേരള തീരത്ത് നിന്നും കണ്ടെത്തിയ പുതിയ ഇനം ഡോഗ്ഫിഷ് സ്രാവ്

✔ സ്ക്വാലസ് ഹിമ

➡ സർക്കാർ ജീവനക്കാർക്ക് തങ്ങളുടെ മാതാപിതാക്കൾക്കൊപ്പം സമയം ചെലവഴിക്കുന്നതിനായി 2024 നവംബർ മാസത്തിൽ രണ്ട് ദിവസത്തെ അവധി പ്രഖ്യാപിച്ച സംസ്ഥാനം

✔ അസം

➡ 2024 ജൂലൈയിൽ പ്രകാശനം ചെയ്യപ്പെട്ട ആയുർവേദാചാര്യൻ പി.കെ. വാര്യരെക്കുറിച്ചുള്ള പുസ്തകം

✔ മായാത്ത ഓർമ്മകൾ

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ 8590 333 999